ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നമ്പർ : എസി.ഡി.സ്പെ.(3)/45686/മിസലേനിയസ്/എച്ച്.എസ്.ഇ/2014 തീയതി : 14/10/2014

# സർക്കുലർ

വിഷയം:- ഹ.സെ.വി- 'മുള, നാളെയുടെ വിള' - സംസ്ഥാന ബാംബു മിഷൻ സംഘടിപ്പിക്കുന്ന ഉപന്യാസ മത്സരം - ഹയർ സെക്കന്ററി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ശ്രീ.സി.പി.ജോൺ അവർകളുടെ 2014 ഒക്ടോബർ 10-ാം തീയതിയിലെ നിർദ്ദേശം.

കേരള സംസ്ഥാന ബാംബൂ മിഷൻ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഉപന്യാസ മത്സരത്തിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. പ്രസ്തുത വിവരങ്ങൾ കുട്ടികളുടെ അറിവിലേയ്ക്കായി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്. ഉപന്യാസ മത്സരം സംബന്ധിച്ച സന്ദേശം കുട്ടികളിലെത്തിക്കുന്നതിന്, എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് പ്രിൻസിപ്പൽമാരും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഒപ്പ്
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)
ഇൻ- ചാർജ്ജ്-ഓഫ് ഡയറക്ടർ

**കേരള സംസ്ഥാന ബാംബൂ മിഷൻ** സംഘടിപ്പിക്കുന്ന ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള **ഉപന്യാസ മത്സരം**

വിഷയം : **"മുള നാളെയുടെ വിള"**

മനുഷ്യ സംസ്കൃതിയോടും പ്രകൃതിയോടും അഭേദ്യമായ ബന്ധം പുലർത്തുന്ന പുല്ലു വർഗ്ഗത്തിൽപ്പെട്ട ഒരു സസ്യമാണ് മുള. നല്ലൊരു വിഭാഗം പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളും ഉപജീവനമാർഗ്ഗമായി മുളയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. വിവിധ കരകൗശല വസ്തുക്കളും ഭവന നിർമ്മാണ സാമഗ്രികളും അതിൽ നിന്നും നിർമ്മിക്കുന്നു. പോഷക സമൃദ്ധിയുള്ള ഭക്ഷ്യവസ്തുക്കൾ മുളയരിയിൽ നിന്നും, തണ്ടിൽ നിന്നും ഉണ്ടാക്കുന്നു. പ്രകൃതി സംരക്ഷണത്തിനും, മണ്ണൊലിപ്പ് തടയുന്നതിനും നല്ല ഒരു ഉപാധിയായ മുള, മാറി വരുന്ന കാലാവസ്ഥ വ്യതിയാനത്തിൽ നിന്നും മനുഷ്യ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള ഒരു കവചം കൂടിയാണ്. ചൈന, ബ്രസീൽ, കൊറിയ തുടങ്ങിയ രാജ്യങ്ങളുടെ സാമ്പത്തിക ഘടനയിൽ മുളയുടെ പങ്ക് വളരെ വലുതാണ്. ഇന്ത്യയിൽ ഉത്തരേന്ത്യൻ - വടക്ക് കിഴക്കൻ സംസ്ഥാനങ്ങളും മുളയുടെ സാധ്യതകൾ പരിപോഷിപ്പിക്കുന്നതിൽ വളരെ മുന്നിലാണ്. ഒരു വിള എന്ന നിലയിൽ നിന്നും വൈവിധ്യമാർന്ന നിരവധി മേഖലയിൽ മുളയുടെ പങ്കിന് അതിന്റേതായ സ്ഥാനം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു.

മുളയുടെയും അതിന്റെ അനുബന്ധ മേഖലകളിലുമുള്ള സംരംഭകത്വ പ്രക്രിയയും, പുതുമയും ത്വരിതപ്പെടുത്തുന്നതിൽ കേരള സർക്കാർ വ്യവസായ വകുപ്പിന്റെ കീഴിൽ രൂപപ്പെടുത്തിയിരിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ബാംബു മിഷൻ. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർക്കും, സ്ഥാപനങ്ങൾക്കും, സംരംഭങ്ങൾക്കും സുസ്ഥിരത കൈവരിക്കുന്നതിനുള്ള കർമ്മപരിപാടികളുമായി അത് മുന്നേറികൊണ്ടിരിക്കുന്നു. 2003 മുതൽ എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുന്നു. മുളയുമായി ബന്ധപ്പെട്ട അറിവുകൾ പങ്കുവയ്ക്കുന്നതിനും വ്യക്തികളും, സ്ഥാപനങ്ങളും ആശയങ്ങൾ കൈമാറി വ്യവസായ സംരംഭകത്വത്തിനുള്ള സാധ്യതകൾ ഈ ആഘോഷപരിപാടിയിലൂടെ ചെയ്തുവരുന്ന ഈ വർഷത്തെ "ബാംബൂ ഫെസ്റ്റ് - 2014" ഡിസംബർ 5-ാം തീയതി മുതൽ 9-ാം തീയതി വരെ കൊച്ചി മറൈൻ ഡ്രൈവിൽ സംഘടിപ്പിക്കുകയാണ്.

മുളയുമായി ബന്ധപ്പെട്ട അറിവുകൾ വരും തലമുറക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുവേണ്ടി **"മുള - നാളെയുടെ വിള"** എന്ന വിഷയത്തിൽ ഒരു ഉപന്യാസ മത്സരം സംഘടിപ്പിക്കുകയാണ്. A4 സൈസ് പേപ്പറിന്റെ ഒരു പുറത്ത് മാത്രമേ എഴുതാൻ പാടുള്ളൂ. 300 വാക്കിൽ കുറയാത്ത ഉപന്യാസ രചന വിദ്യാർത്ഥി പഠിക്കുന്ന ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രവുമായി നവംബർ മാസം 20-ാം തീയതിക്ക് മുമ്പായി **"ദി മെമ്പർ കൺവീനർ, കേരള സംസ്ഥാന ബാംബൂ മിഷൻ, കെ-ബിപ്പ്, കുറുപ്പ്സ് ലെയിൻ, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 10"** എന്ന വിലാസത്തിൽ അയക്കുക. കൂടുതൽ വിവരങ്ങൾക്ക് 0471 - 2311882, 2311883 എന്ന നമ്പറുമായി ബന്ധപ്പെടുക.

NB: മത്സര വിജയികൾക്ക് സമ്മാനങ്ങൾ ഡിസംബർ 5-ാം തീയതി കൊച്ചിയിൽ നടക്കുന്ന ബാംബൂ ഫെസ്റ്റ് - 2014 ന്റെ ഉദ്ഘാടന കർമ്മത്തിൽ വിതരണം ചെയ്യുന്നതാണ്.